**Kids corner**

# ദുശ്ശീല സുശീലയായി

നോ..........ഓ നോ..........നോനോ എനിക്കിഷ്ടമല്ല എന്ന് പറഞ്ഞില്ലേ............ കോപാകുലയായി വരുന്നത് സൂസിമോളാണല്ലോ? വരാന്തയിലെ കൂട്ടിൽ കിടന്ന തത്തമ്മ തലചരിച്ചു നോക്കി അപ്രകാരം ആസ്വദിച്ചു. ഇത് എല്ലാ പ്രഭാതത്തിലും കേൾക്കുന്ന പല്ലവി ആണ്. കേട്ട് ശീലമുള്ള വാക്കുകൾ സൂസിയെ നോക്കി തത്തമ്മയും ആവർത്തിച്ചു. നോ....നോ........സൂസി.....നോ.......നോ... തത്തമ്മയുടെ വാക്കുകൾ കേട്ട കോപാക്രാന്തയായ സൂസി കൂടിനിട്ടൊരു തട്ടുകൊടുത്തു. തത്തമ്മ ചിറകടിച്ച് ബഹളം വച്ചത് മുറ്റത്ത് വെയിലുകൊള്ളാൻ കിടന്ന ചക്കിപ്പൂച്ചക്ക് ഇഷ്ടപ്പെട്ടു.കാരണം ഈ തത്തമ്മയെ ഒന്നു രുചിച്ചു നോക്കുവാൻ ഒത്തിരി നാളായി ആഗ്രഹിക്കുന്നു. എപ്പോഴെങ്കിലും പൂച്ചയെകണ്ടാൽ തത്തമ്മ യേ.....ശു....യേശു എന്ന് പറയുന്നതിനാൽ പൂച്ചയ്ക്ക് തന്റെ ആഗ്രഹം നിറവേറ്റാൻ കഴിഞ്ഞിട്ടില്ല. സൂസിമോളുടെ അമ്മച്ചി മുറ്റത്തെ പടികൾ കയറുമ്പോൾ യേശുവേ... എന്ന് വിളിക്കുന്നതു കേട്ടാണ് തത്തയും പഠിച്ചത്.



പൂച്ചക്കുട്ടൻ തന്റെ ബദ്ധശത്രുവിനെ സൂസി ഉപദ്രവിച്ചതിന്റെ നന്ദി രേഖപ്പെടുത്താനായി മ്യാവു.... മ്യാവു...എന്ന് വിളിച്ച് അവളുടെ ശരീരത്തിൽ ഉരമ്മി നിന്നു.. ഛീ.....

വൃത്തികെട്ട ജന്തു എന്നു പറഞ്ഞ് ഒറ്റത്തട്ട്. ഒരു പന്ത് തെറിച്ചു വീഴുന്നതുപോലെ പാവം സുന്ദരിപ്പൂച്ച ചെന്നുവീണത് ഇളം വെയിലുകൊണ്ട് കിടന്നുറങ്ങിയ ടൈഗർ എന്ന കറമ്പൻ പട്ടിയുടെ മുൻപിലായിരുന്നു.തന്റെ ഉറക്കം തടസ്സപ്പെടുത്തിയ ശത്രുവിന്റെ നേരെ ടൈഗർ കുരച്ചുകൊണ്ട് ചാടി വീണു ആകെപ്പാടെ വലിയ ബഹളം.

എന്തുവാടീ........ അവിടെ ഒരു ബഹളം എന്നും രാവിലെ പിശാചുബാധിച്ചവരെപ്പോലെ ഈ പ്രകടനങ്ങൾ നടത്താതെ,രാവിലെ കുടുംബപ്രാർത്ഥനയിൽ പങ്കുകൊള്ളുകയും , കിടക്കവിട്ട് എഴുന്നേൽക്കുമ്പോൾ ദൈവത്തിന് ഒരു നന്ദി പറയാനും കഴിയാത്തതാണ് ഈ പിശാചുബാധയ്ക്ക് കാരണം. കേറിപ്പോയി വേദപുസ്തകം ഉറക്കെ വായിക്കെടീ... തോമാച്ചൻ മുതലാളി കോപാക്രാന്തനായി അലറി. പാട്ട്, പ്രാർത്ഥന ഇവ സൂസിക്ക് ഇഷ്ടമില്ലാത്ത കാര്യമാണ്. കറുത്ത കവറുള്ള പുസ്തകം കാണുന്നതുപോലും വെറുപ്പാണ്. എന്നാലും അപ്പന്റെ അടിയുടെ ചൂട് അറിയാവുന്നതിനാൽ അവൾ വേഗം അകത്തു കയറി.

ചവിട്ടിത്തൊഴിച്ച് അകത്തു കയറിയ അവൾക്ക് തന്റെ ദേഷ്യപ്രകടനത്തിന് ഒരാളെ കിട്ടി. സൂര്യപ്രകാശം കടന്നുവരുന്നിടത്തിരുന്ന് വേദപുസ്തകം വായിച്ചുകൊണ്ടിരുന്ന പാവം കത്രീനാമ്മച്ചി. തുറന്നവേദപുസ്തകം തട്ടിപ്പറിച്ച് അടച്ചു വച്ചു. ഇതുകണ്ട അവളുടെ അമ്മ ഒറ്റ അടി കൊടുത്തു. രാവിലെ ഒന്ന് പല്ലുതേക്കാൻ പറഞ്ഞതിനാണോടീ ഈ ബഹളം. വയസ്സ് പത്തായി വേഗം പോയി പ്രഭാതകർമ്മങ്ങൾ ചെയ്ത് ബസ്സുവരുമ്പോഴേയ്ക്കും സ്കൂളിൽ പോയില്ലെങ്കിൽ ചൂരവടി പുറത്തു വീഴും. ക്ഷമിക്കുന്നതിനും ഒരു പരിധിയുണ്ട്. വീട്ടിലുള്ള മനുഷ്യരെയും മൃഗങ്ങളെയും വെറുക്കുന്ന അവൾക്ക് പേടി "വടി" യെ മാത്രമേയുള്ളൂ. കുളിയും പ്രാർത്ഥനയും, പ്രഭാതഭക്ഷണവും കഴിഞ്ഞ് പഠനമേശയുടെ അടുത്തെത്തി, മനസ്സില്ലാമനസ്സോടെ പുസ്തകങ്ങൾ എടുത്തു.

ടിംഗ്.....ടിംഗ്....ടിംഗ്.. അതാ മണി എട്ട് അടിച്ചു. ദൈവമേ ! ഈ ക്ലോക്ക് ഒരിക്കലും അതിന്റെ ഓട്ടം നിറുത്തുകയില്ലേ. ആരും കാണാതെ ഇതങ്ങു നശിപ്പിച്ചാലോ.........ദുഷിച്ച ചിന്തകൾ, അവളിലേക്ക് കടന്നു വന്നു.അതിന്റെ ഒരു കാരണം 8.30 ന് സ്കൂൾ ബസ്സ് പടിക്കലെത്തും. ഇറങ്ങി നിന്നില്ലെങ്കിൽ അവർ പോകും. മറ്റൊരു കാരണം വിദ്യാലയ ത്തെയും അവിടേക്ക് ഓടുന്ന വാഹനംപോലും അവൾ ഇഷ്ടപ്പെട്ടിരു ന്നില്ല. അവധിദിവസമാണ് അവൾക്ക് ഏറ്റവും പ്രീയം.

പതിവുപോലെ ബസ്സ് കിട്ടാതെ വിയർത്തൊലിച്ച് താമസിച്ചു ചെന്ന സൂസിയെ അദ്ധ്യാപിക വഴക്കു പറഞ്ഞു. കൂട്ടുകാർ കളിയാക്കി ചിരിച്ചു. പഠനത്തിലും പുറകോട്ടായതിനാൽ അദ്ധ്യാപകരും അവളെ സ്നേഹിച്ചില്ല. ഒരു നല്ല വാക്ക് ആരും അവളോട് ഒരിക്കലും പറഞ്ഞിട്ടി ല്ല. ഇപ്രകാരമുള്ള സ്വഭാവത്തിനുടമയായ സൂസിയെ ഒരു സഹപാഠി മാത്രം സ്നേഹിച്ചിരുന്നു. . സ്കൂളിന്റെ മുമ്പിൽ പെട്ടിക്കട നടത്തുന്ന മാത്തുവിന്റെ കൊച്ചുമകൾ മേരി ആയിരുന്നു അത്. പലപ്പോഴും മേരി യുടെ മുഷിഞ്ഞു പഴകിയ വസ്ത്രത്തെ സൂസി പരിഹസിച്ചിട്ടുണ്ട്. എല്ലാ വിഷയത്തിനും നല്ല മാർക്കു വാങ്ങുന്ന ശാന്തശീലമുള്ള മേരി അദ്ധ്യാപകർക്ക് വളരെ പ്രീയപ്പെട്ടവളായിരുന്നു. മേരിയും കുടുംബവും എന്നും സൂസിയുടെ മാറ്റത്തിനായി പ്രാർത്ഥിച്ചിരുന്നു.

ഒരു ദിവസം ക്ലാസ്സ് ടെസ്റ്റുണ്ടെന്നറിഞ്ഞിട്ടും താമസിച്ചു വന്ന സൂസിയെ ടീച്ചർ പ്രധാനാദ്ധ്യാപികയുടെ അടുക്കലേക്കയച്ചു. അവർ സൂസിയെ വടി ഉപയോഗിച്ച് തല്ലി. സങ്കടപ്പെട്ട് ക്ലാസ്സിൽ വന്ന സൂസി പരീക്ഷ എഴുതി എന്നു വരുത്തി പുറത്തിറങ്ങി.ആരും അവളോട് ഒന്നും മിണ്ടിയില്ല.

സൂസീ. - പതിഞ്ഞ ശബ്ദത്തിലൊരു വിളികേട്ട് തിരിഞ്ഞു നോക്കിയ സൂസി കണ്ടത് പുഞ്ചിരിയോടെ നിൽക്കുന്ന മേരിയെ ആണ്.

താൻ ഇത്രയും പരിഹസിച്ചിട്ടും ഇവൾക്ക് നാണമില്ലേ തന്നെ വിളിക്കാൻ എന്ന് ചിന്തിച്ചെങ്കിലും സൂസിയുടെ ശബ്ദം പുറത്തു വന്നില്ല.

സൂസി വിഷമിക്കേണ്ട, തന്റെ പുറമേ മാത്രമല്ല സൗന്ദര്യം അകവും സൗന്ദര്യമുള്ളതാണെന്ന് മറ്റുള്ളവരെകൊണ്ട് പറയിക്കണം. തന്നെപ്പറ്റി ഒരു കാര്യം നല്ലതെന്നു പറഞ്ഞ് ആദ്യമായിട്ടാണ് സൂസി കേട്ടത്. മേരി തുടർന്നു നല്ല ജീവിതസൗകര്യം ദൈവം തന്നത് ഉപയോഗിച്ച് പഠിക്കണം. എല്ലാ കാര്യങ്ങളും കൃത്യനിഷ്ഠയോടെ ചെയ്യുമ്പോൾ തന്നെ മോളെ എല്ലാവരും ശ്രദ്ധിക്കും. നല്ല കുട്ടിയാകുവാൻ ശ്രമിച്ചാൽ മോൾക്ക് കഴിയും തീർച്ച.

വൈകുന്നേരം വീട്ടിലെത്തിയപ്പോൾ മുതൽ അവൾ മേരി പറഞ്ഞത് ചിന്തിച്ചു. ഇനി നോ......നോ... എന്ന ചിന്ത ഉണ്ടാകുകയേ ഇല്ല എന്ന് തീരുമാനിച്ചു. ഓരോ ദിവസം കഴിയുന്തോറും അവളിൽ വന്ന മാറ്റം, തത്തമ്മയും , സുന്ദരിപ്പൂച്ചയും , ടൈഗറും ശ്രദ്ധിച്ചു. തത്തമ്മ സൂസി നമസ്തേ എന്നു പറയും . പൂച്ചയാത്ര അയയ്ക്കുവാനും, വൈകിട്ട് സ്വീകരിപ്പാനും ഗെയിറ്റിങ്കൽ കാണും. ടൈഗർ വാലാട്ടി എഴുന്നേൽക്കും. മാതാപിതാക്കൾ, അദ്ധ്യാപകർ, കൂട്ടുകാർ എല്ലാവരും അവളെ അംഗീകരിച്ചു. നല്ല സുഹൃത്ത് ഒരു നല്ല വഴികാട്ടിയുമാണ്.

**നിങ്ങൾ നല്ലശീലക്കാരാകാൻ എന്തുചെയ്യണം.**

1. പ്രഭാതത്തിലും പ്രദോഷത്തിലും പ്രാർത്ഥന മുടക്കരുത്.
2. കൃത്യനിഷ്ഠയോടെ സ്വയം കാര്യങ്ങൾ ചെയ്ത് ശീലിക്കണം.
3. വായനാശീലം വളർത്തണം.
4. പ്രായമുള്ളവരെയും ബലഹീനരേയും സ്നേഹിക്കുകയും,കരുതുകയും ചെയ്യണം.
5. ഗുരുക്കൻമാരെ ബഹുമാനിക്കണം.

**Santhamma Varghese**

Website: www.biblestudy.co.in
Email: biblestudy.co.in@gmail.com

Facebook: https://www.facebook.com/biblestudyind